15 -ാം കേരള നിയമസഭ

9 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428 | 13-09-2023 - ൽ മറുപടിയ്ക്ക്

## കുറ്റ്യാടി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകൾ കെ-സ്റ്റോർ ആയി ഉയർത്തുന്നതിലൂടെ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും, ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നത് വഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാന മാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമീണ മേഖലയിൽ നിന്ന് തെരഞ്ഞെടുക്കുന്ന റേഷൻ കടകൾ വഴി സിറ്റിസൺ സർവ്വീസ് സെന്റർ മുഖേനയുള്ള സേവനങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങളുടെ വിൽപ്പന, സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉത്പന്നങ്ങൾ, ഐ.ഒ.സിയുടെ ചോട്ടു ഗ്യാസ് എന്നിവയുടെ വിപണനവുമാണ് നിലവിൽ നടന്ന് വരുന്നത്. ടി സേവനങ്ങൾക്ക് പുറമേ വ്യവസായ വാണിജ്യ വകുപ്പിന്റെ MSME ഉത്പന്നങ്ങൾ (96 ഉത്പന്നങ്ങൾ) കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനുള്ള ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ഉത്പന്നങ്ങൾ, Meat Products of India യുടെ ഉത്പന്നങ്ങൾ, മിൽമയുടെ കൂടുതൽ ഉത്പന്നങ്ങൾ എന്നിവ കൂടി കെ-സ്റ്റോർ വഴി വിപണനം ചെയ്യുന്നതിനും വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ 108 റേഷൻകടകളിലാണ് പദ്ധതി ആരംഭിച്ചത്. കെ-സ്റ്റോറിന്റെ രണ്ടാം ഘട്ടമായി സംസ്ഥാനത്തെ 200 റേഷൻകടകളിൽ കൂടി ടി പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ സാമ്പത്തിക വർഷം 1000 കെ-സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ റേഷൻ | (ബി) | കുറ്റ്യാടി മണ്ഡലത്തിൽ ഉൾപ്പെട്ട എഫ്.പി.എസ്.-257 |

| | | | |
|---|---|---|---|
| | കടകളാണ് കെ-സ്റ്റോർ ആയി ഉയർത്താൻ വിഭാവനം ചെയ്തതെന്ന് അറിയിക്കാമോ? | | (ചോയിമഠം), എഫ്.പി.എസ്.-113 (മണിയൂർ) എന്നീ പൊതുവിതരണകേന്ദ്രങ്ങളിൽ കെ-സ്റ്റോർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ